




# സാറാ ജോസഫ്

രാഷ്ട്രീയ സാംസ്കാരിക രംഗത്തും സാഹിത്യ രംഗത്തും നിലകൊള്ളുന്ന ഉജ്ജ്വലമായ സ്ത്രീ സാന്നിദ്ധ്യമാണ് സാറാ ജോസഫ്. ഫെമിനിസ്റ്റ് സാഹിത്യം മലയാളത്തിൽ ശക്തമായതിൽ സാറാ ജോസഫിന്റെ പങ്കു വളരെ വലുതാണ്. “പാപത്തറ’ യെന്ന സാറാ ജോസഫിന്റെ ചെറുകഥാസമാഹാരം മലയാള സാഹിത്യത്തിലെ സ്ത്രീ രചനയുടെ നാഴികക്കല്ലായി ഇന്നും കണക്കാക്കപ്പെടുന്നു.

2014- ലെ ലോകസഭാ തെരഞ്ഞെടുപ്പിൽ തൃശ്ശൂർ മണ്ഡലത്തിൽ നിന്ന് ആം ആദ്മി സ്ഥാനാർത്ഥിയായി മത്സരിച്ചു.

ആദ്യകാലങ്ങളിൽ കവിതയെഴുതിയ സാറാ ജോസഫ് പിന്നീട് കഥാസാഹിത്യത്തിലും മലയാള നോവൽ സാഹിത്യത്തിലും അനിഷേധ്യമായ സാന്നിദ്ധ്യമായി മാറി. 1975-ൽ പുറത്തിറങ്ങിയ ‘കാടിന്റെ സംഗീതം’, ‘നന്മതിന്മകളുടെ വൃക്ഷം’ മുതലായവ ചെറുകഥാസമാഹാരങ്ങളാണ്.

അലാഹയുടെ പെൺമക്കൾ, മാറ്റാത്തി, ഒതപ്പ്, ഊരു കാവൽ, ആതി, ആളോഹരി ആനന്ദം എന്നിവയാണ് സാറാ ജോസഫിന്റെ പ്രധാന നോവലുകൾ. ചരിത്രത്തിൽ നിന്നും തുടച്ചുമാറ്റപ്പെട്ട ജീവിതങ്ങളുടെ ശബ്ദമാണ് ഈ രചനകൾ. സ്ത്രീ പക്ഷപരമായ വീക്ഷണങ്ങളിലൂടെ അവഗണിക്കപ്പെട്ടതും പുതിയകാലത്തിനപരിചിതവുമായ ഒരു സമൂഹത്തെ തന്റെ നോവലിലൂടെ പുറത്തുകൊണ്ടു വരുന്നു സാറാ ജോസഫ്.

പ്രകൃതി വീക്ഷണങ്ങളുടെ സമ്പന്നത ആ രചനകളിൽ നമുക്ക് യഥേഷ്ടം ദർശിക്കാം എന്നതിനുള്ള മകുടോദാഹരണമാണ് ‘ആതി’. പാരിസ്ഥിതിക ഭാഷയുടെ വൈവിധ്യം സാറാ ജോസഫിന്റെ കൃതികളിലെ മറ്റൊരു സവിശേഷതയാണ്. ക്രൈസ്തവ പശ്ചാത്തലത്തിലുള്ള ഭാഷാവി

ന്യാസമാണ് ഇതിൽ പ്രധാനം. 'ആലാഹയുടെ പെൺമക്കൾ' എന്ന കൃതിയിൽ വാമൊഴികൾ ധാരാളമായി ഉപയോഗപ്പെടുത്തുന്നുണ്ട്.

സാറാ ജോസഫിന്റെ രാമായണത്തിന്റെ പുതിയകാല വായനയായ 'രാമായണ കഥകൾ' ഏറെ ശ്രദ്ധിക്കപ്പെട്ടു. അത് ഓക്സ്ഫേർഡ് പ്രസ്സ് വിവർത്തനവും ചെയ്തിരുന്നു. 'ഭഗവദ്ഗീതയുടെ അടുക്കളയിൽ', 'അടുക്കള തിരിച്ചു പിടിക്കുക' തുടങ്ങിയവ ഈ എഴുത്തുകാരിയുടെ ശ്രദ്ധേയമായ ലേഖനങ്ങളാണ്.

2001-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം, 2003-ലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം, 2004 ലെ വയലാർ പുരസ്കാരം, ചെറുകാട് അവാർഡ് എന്നീ പുരസ്കാരങ്ങൾ ഈ എഴുത്തുകാരി 'അലാഹയുടെ പെൺമക്കൾ' എന്ന ഒറ്റ രചനകൊണ്ടു നേടിയെടുത്തു. മറ്റാത്തി, ഒ. ചന്തുമേനോൻ പുരസ്കാരവും പാപത്തറ മുട്ടത്തു വർക്കി പുരസ്കാരവും നേടി. ഒ.വി വിജയൻ സാഹിത്യ പുരസ്കാരം (2011) അബൂദാബി അരങ്ങു പുരസ്ക്കാരം, ന്യൂഡൽഹി കഥ അവാർഡ് എന്നിവയാണ് മറ്റു പുരസ്കാരങ്ങൾ. 2012-ൽ പത്മ പ്രഭാ പുരസ്കാരത്തിലൂടെയും സാറാ ജോസഫ് ആദരിക്കപ്പെട്ടു.

നിലവിലുള്ള കേന്ദ്ര സർക്കാറിന്റെ സ്വാതന്ത്ര്യ ഹിംസക്കെതിരെ പ്രതിഷേധിച്ചുകൊണ്ട് 2015 ഒക്ടോബർ 10-ന് സാറാ ജോസഫ് തന്റെ കേന്ദ്രസാഹിത്യ അക്കാദമി പുരസ്ക്കാരം തിരിച്ചു നൽകി. 'ഇതു പോലെ അനേകം പേർ അന്ന് പുരസ്കാരങ്ങൾ തിരിച്ചേൽപ്പിച്ചിരുന്നു.

● വിഷ്ണു. ഇ.എസ്




▶▶ഇന്ത്യയിലെ ആദ്യത്തെ വനിതാ കേന്ദ്രമന്ത്രി- അമൃത് കൗർ